പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 427 12.06.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി.ക്ക് അധിക സാമ്പത്തിക സഹായം

ചോദ്യം

ശ്രീ. സി. ദിവാകരൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സിയ്ക്ക് 100 കോടി രൂപയുടെ അധിക സാമ്പത്തിക സഹായം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പുരോഗമന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സിയ്ക്ക് വായ്പയായി വകയിരുത്തിയിരുന്ന നാൽപത് കോടി രൂപ പുതുക്കിയ ബഡ്ജറ്റിൽ 140 കോടി രൂപയായി വർദ്ധിപ്പിച്ചിരുന്നു. ഈ തുക കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തന മൂലധനത്തിനുള്ള വായ്പയായിട്ടാണ് അനുവദിച്ചിട്ടുള്ളത്. ദൈനംദിന പ്രവർത്തന മൂലധനമായി അനുവദിച്ചിട്ടുള്ള തുക മറ്റ് പുരോഗമന പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടില്ല. |
| (ബി) | ഈ സഹായത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന നഷ്ടത്തിൽ എന്തെങ്കിലും കുറവ് ഉണ്ടായിട്ടുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി യുടെ 2009 - 2010 – വരെയുള്ള വാർഷിക കണക്കുകൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. ആയതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ നഷ്ടം കണക്കാക്കിയിട്ടില്ല. |
| (സി) | കരുനാഗപ്പള്ളിയിലെ കെ.എസ്.ആർ.ടി.സി സ്റ്റാന്റിനോട് അനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ? | (സി) | കരുനാഗപ്പള്ളിയിലെ കെ.എസ്.ആർ.ടി.സി സ്റ്റാന്റിനോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പദ്ധതിയുടെ പ്ലാൻ തീർപ്പാക്കിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ